(എ) മുറിയാർ ഗ്രാമത്തിൽ കഴിഞ്ഞ 50 വർഷത്തിലധികമായി ഭൂമി കൈവശപ്പെടുത്തി സ്ഥിരതാമസക്കാരായ നിരവധിപേർക്ക് പട്ടയം നൽകിയിട്ടില്ല എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പട്ടയം എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) മുറിയാർ ഗ്രാമത്തിൽ കഴിഞ്ഞ 50 വർഷത്തിലധികമായി ഭൂമി കൈവശപ്പെടുത്തി സ്ഥിരതാമസക്കാരായ ആൾക്കാർക്ക് പട്ടയം നൽകിയിട്ടില്ല എന്ന പൊതു പരാതി ലഭിച്ചിട്ടില്ല. എന്നാൽ മുറിയാർ ഗ്രാമത്തിൽ ഹരിജനങ്ങൾക്ക് പതിച്ചു കൊടുക്കാൻ നീക്കിവച്ച സ്ഥലം കുറെ ആൾക്കാർ വർഷങ്ങളായി കൈവശം വച്ച് അനുഭവങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതിൽ ഭൂമി പതിവിന് (അർഹമായ കേസ്സുകളിൽ സീറ്റ് റിസർവേഷൻ നടത്തി പട്ടയം കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

76 (632) കൊല്ലം ജില്ലയിൽ പട്ടയം നൽകാൻ നടപടി

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ വില്ലേജുകളിൽ 10 വർഷക്കാലത്തിൽ അധികമായി സ്ഥിരതാമസക്കാരും റേഷൻ കാർഡിലും വോട്ടർ പട്ടികയിലും പേരുള്ളതുമായ നിരവധിയാളുകൾക്ക്, കൈവശരേഖയോ പട്ടയമോ ഇല്ലാത്തതു മൂലം ജനകീയാസൂത്രണ പദ്ധതി ആനുകൂല്യങ്ങൾ അടക്കമുള്ള ആനുകൂല്യങ്ങൾ കിട്ടുന്നതിന് തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഭാഗം ആളുകൾക്ക് പട്ടയമോ കൈവശ രേഖയോ നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഇവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറച്ചാളുകൾക്ക് ഇനിയും കൈവശരേഖയും പട്ടയവും നൽകാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പതിച്ചു പട്ടയം നൽകാവുന്ന സ്ഥലങ്ങളിൽ താമസിച്ചുവരുന്നവർക്ക് അപേക്ഷ നൽകുന്ന മുറയ്ക്ക് നിലവിലുള്ള ചട്ടപ്രകാരം പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഉത്തരവുകൾ പ്രകാരം അർഹരായവർക്ക് കൈവശരേഖകൾ സമയബന്ധിതമായി നൽകാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

77 (633) പട്ടയം നൽകുന്നതിന് കമ്മിറ്റികൾ കൂടാൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly